പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 6291 — 08.07.2014-ൽ മറുപടിക്ക്.

## അജ്ഞാത ഫോൺ കോളുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പരിചയമില്ലാത്ത നമ്പറിൽനിന്നും അസ്വസ്ഥതപ്പെടുത്തുന്ന കോളുകളോ സന്ദേശങ്ങളോ വരുവാനിടയായാൽ ഉടൻ പോലീസിൽ വിവരം അറിയിക്കുന്നതിന് ഏതെങ്കിലും ഹെൽപ്പ്ലൈൻ നമ്പർ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ; | : (എ) ഇത്തരത്തിലുള്ള പരാതികൾ അറിയിക്കുന്നതിനായി പോലീസ് ആസ്ഥാനത്ത് ഹെൽപ്പ് ലൈൻ പ്രവർത്തിയ്ക്കുന്നുണ്ട്. (0471-3243000, 3244000, 3245000, 3243148, 9846100100) കൂടാതെ ഇതിനായി വനിതാ ഹെൽപ്പ് ലൈൻ നമ്പർ (1091), ക്രൈംസ്റ്റോപ്പർ നമ്പർ (1090) കൺട്രോൾ റൂം നമ്പർ (100), എന്നീ ഹെൽപ്പ് ലൈൻ നമ്പരുകൾ നിലവിലുണ്ട്. |
| (ബി) പ്രസ്തുതകോൾ/സന്ദേശം അനധികൃതമായി സംഘടിപ്പിക്കപ്പെട്ട സിം കാർഡുകളുപയോഗിച്ചാണെങ്കിൽ യഥാർത്ഥ പ്രതി രക്ഷപ്പെടുകയും നിരപരാധികൾ ശിക്ഷിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാകുന്നുണ്ടോ; | :(ബി) പ്രസ്തുതകോൾ/സന്ദേശം ഏതു സിം കാർഡ് ഉപയോഗിച്ച് ചെയ്താലും കൃത്യമായ അന്വേഷണം നടത്തി യഥാർത്ഥ പ്രതികളെ മാത്രമേ നിയമത്തിനു മുമ്പിൽ കൊണ്ടുവരികയുള്ളൂ. നിരപരാധികൾ ശിക്ഷിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നില്ല. |
| (സി) എസ്.എം.എസ്. വഴി പരാതി അയക്കാൻ നിലവിൽ സംവിധാനം ഉണ്ടോ; പരാതിക്കാരൻ/പരാതിക്കാരിക്ക് പരിചയമില്ലാത്ത നമ്പറിന്റെ ഉറവിടവും, ഉടമയും ആരെന്ന് അറിയാൻ സംവിധാനമുണ്ടാകുമോ; | :(സി) എസ്.എം.എസ്. വഴി പരാതികൾ സ്വീകരിക്കാനായി കേരളാ പോലീസ് മെസ്സേജ് സെന്റർ എന്ന സംവിധാനം നിലവിലുണ്ട്. പൊതുജനങ്ങൾക്ക് 9497900000 എന്ന നമ്പരിലേയ്ക്ക് പരാതികൾ എസ്.എം.എസ് വഴി അയയ്ക്കാവുന്നതാണ്. ഇന്ത്യയ്ക്ക് അകത്തുള്ള നമ്പരുകളിൽ നിന്നും വരുന്ന കോളുകളുടെയും, സന്ദേശങ്ങളുടെയും ഉറവിടവും ഉടമയും ആരാണെന്ന് കണ്ടെത്തി പരാതിക്കാരെ അറിയിക്കുന്നതിനുള്ള സംവിധാനമുണ്ട്. സേവനദാതാക്കളുമായി ബന്ധപ്പെട്ടാണ് ഇപ്രകാരം പ്രവർത്തിക്കുന്നത്. എന്നാൽ വിദേശ രാജ്യങ്ങളിൽ നിന്നും വരുന്ന ഇത്തരം സന്ദേശങ്ങളുടെയും, കോളുകളുടെയും ഉറവിടം കണ്ടെത്തുന്നതിനായി അവിടെയുള്ള സേവനദാതാക്കളുമായി ബന്ധപ്പെട്ട് പ്രവർത്തിയ്ക്കുന്നതിനുള്ള സംവിധാനം നിലവിൽ പോലീസ് വകുപ്പിൽ ഇല്ല. |

(ഡി) മറ്റാരുടെയെങ്കിലും മേൽവിലാസത്തിൽ അവരുടെ അറിവോ സമ്മതമോയില്ലാതെ രേഖകൾ സങ്കടിപ്പിച്ച് സിം കാർഡുകൾ എടുക്കുന്നവർക്കെതിരെ എന്ത് നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

:(ഡി) ഇത്തരത്തിൽ പ്രവർത്തിക്കുന്നവർക്കെതിരെ ഇന്ത്യൻ ശിക്ഷാനിയമത്തിലെയും ഐ.ടി ആക്ടിലെയും വകുപ്പുകൾ പ്രകാരം കർശനമായ നിയമ നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(ഇ) ഇത്തരത്തിൽ എടുക്കുന്ന സിം കാർഡുകൾ ഉപയോഗിക്കുന്നത് പരിശോധിക്കാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ;

:(ഇ) ഇത് സംബന്ധിച്ച് പരാതികൾ കിട്ടിയാൽ മാത്രമേ പോലീസ് നിയമ നടപടികൾ സ്വീകരിക്കുകയുള്ളൂ. വിലാസവും, അനുബന്ധ രേഖകളും പരിശോധിച്ച് അവ വ്യാജമല്ലെന്ന് ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട സേവനദാതാക്കളാണ്.

(എഫ്) ഏതൊരു വ്യക്തിക്കും തന്റെ സ്വന്തം മേൽവിലാസത്തിൽ ഏതെല്ലാം കമ്പനികളുടെ എത്ര വീതം കണക്ഷനുകൾ ഉണ്ടെന്ന് കണ്ടുപിടിക്കുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ?

(എഫ്) നിലവിൽ പോലീസ് വകുപ്പിൽ സംവിധാനമില്ല

സെക്ഷൻ ഓഫീസർ